LIBRARY ARCHIVES Kerala Legislative Assembly

കൃത്രിമമായി ജലക്ഷാമം സൃഷ്ടിക്കാൻ നടക്കുന്ന ശ്രമം

42 [2511] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ കൃത്രിമമായി ജലക്ഷാമം സൃഷ്ടിക്കാൻ ശ്രമം നടക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പരിശ്രമങ്ങളിലൂടെ ജനങ്ങൾക്കിടയിൽ പരിഭ്രാന്തി ഉണ്ടാക്കി അതിലൂടെ മുതലെടുക്കാനുള്ള തത്പര ശക്തികളുടെ ശ്രമം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) 2004-ൽ പ്രവർത്തനം ആരംഭിച്ച പൊതുജനം ചെന്നിലോട് ശുദ്ധജല പദ്ധതി മേഖലയിൽ ജലവിതരണത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ എന്നുമുതൽക്കാണെന്ന് അറിയിക്കാമോ;

(ഇ) ഈ പദ്ധതിയുടെ ഫലമായി എല്ലാ ഭാഗത്തും സുലഭമായി ലഭിച്ചുവന്നിരുന്ന ശുദ്ധജലം ഇപ്പോൾ ചില ഭാഗങ്ങളിൽ രാത്രികാലങ്ങളിൽ മാത്രമായി പരിമിതപ്പെട്ടത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വാർത്ത അടിസ്ഥാനരഹിതമാണ്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) വേനൽ കാലത്ത് ജലസ്രോതസ്സുകളിലൂടെയുള്ള ശുദ്ധജല ലഭ്യത വളരെ കുറവായിരിക്കും. താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ പകൽ സമയത്ത് അധിക ജലം ശേഖരിച്ചു വയ്ക്കുന്നതിലൂടെ ഉയർന്ന പ്രദേശവാസികൾക്ക് ജലം കിട്ടാതെ വരികയും രാത്രികാലങ്ങളിൽ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളത്തിന്റെ ഉപയോഗം കുറയുന്ന മുറയ്ക്ക് ഉയർന്ന പ്രദേശങ്ങളിൽ വെള്ളം ലഭിക്കുകയും ചെയ്യുന്നു. ജലവിതരണ ശൃംഖല മെച്ചപ്പെടുന്ന മുറയ്ക്ക് ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

സ്വജൽധാര പദ്ധതികൾക്ക് നൽകുന്ന വൈദ്യുതി ചാർജ്ജ്

43 [2512] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എം.എൽ.എ./എം.പി. ഫണ്ട്, കേരള വികസന പദ്ധതി, ജനകീയാസൂത്രണം എന്നീ ഫണ്ടുകൾ ഉപയോഗിച്ച് നഗരങ്ങളിലും ഗ്രാമീണമേഖല